# പതിനഞ്ചാം കേരള നിയമസഭ

**( FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി VII**

**(SUBJECT COMMITTEE VII)**

**വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും**

**(ELECTRICITY, LABOUR AND LABOUR WELFARE)**

# 2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

2025 ഒക്ടോബർ 06-ാം തീയതി സമർപ്പിച്ചത്
(Presented on 6th October 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
20251

**പതിനഞ്ചാം കേരള നിയമസഭ**

( FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

**(SUBJECT COMMITTEE VII)**

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

**(ELECTRICITY, LABOUR AND LABOUR WELFARE)**

**2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(2023-26)

## ഘടന

<u>ചെയർപേഴ്സൺ</u>

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പ് മന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.കെ .എസ്. കിരൺബോസ് , അണ്ടർ സെക്രട്ടറി

## അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ നാലാമത് റിപ്പോർട്ടിലെ ഊർജ്ജം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII -ന്റെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 13.05.2025, 20.08.2025, 29.09.2025 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്.ഒന്നാം അദ്ധ്യായത്തിൽ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം അദ്ധ്യായത്തിൽ മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2025 സെപ്റ്റംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,<br>
2025 ഒക്ടോബർ 06.

ശ്രീ. കെ. കൃഷ്ണൻകുട്ടി,<br>
ചെയർപേഴ്സൺ,<br>
സബ്ജക്ട് കമ്മിറ്റി VII

# റിപ്പോർട്ട്

## അദ്ധ്യായം I

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

## തൊഴിലും നൈപുണ്യവും വകുപ്പ്

## ശിപാർശ

2230-01-001-99 – നടത്തിപ്പ്

വിഹിതം : 8,45,67,000 രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1.5 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –1)

## സർക്കാർ സ്വീകരിച്ച നടപടി

(a) 2230-01-001-99-00-99-00 IT ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ വിവര സാങ്കേതിക വിദ്യ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 1,50,000/- രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. അതിൽ 1,49,227/- രൂപയും ചെലവഴിച്ച

കഴിഞ്ഞു. ടി ശീർഷകത്തിൽ 95,344/- രൂപയുടെ ആവശ്യകത ഉള്ളതിനാൽ 96,000/- രൂപയുടെ റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നെങ്കിലും 2024-25 സാമ്പത്തിക വർഷം അവസാനമായതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക കണ്ടെത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(b) 2230-01-001-99-21-02 R&M ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ വാഹനങ്ങളുടെ റിപ്പയർ & മെയിന്റനൻസ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം 2,44,000/- രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. അതിൽ 2,25,272/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ഇനി ടി ശീർഷകത്തിൽ 18,728/- രൂപ അവശേഷിക്കുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷം അവസാനമായതിനാലും ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

## ശിപാർശ

2230-01-001-98 –ജില്ലാ ആഫീസുകൾ

വിഹിതം : 28,43,58,000 രൂപ (പദ്ധതിയേതരം)

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വിവരസാങ്കേതികവിദ്യ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –2)

## സർക്കാർ സ്വീകരിച്ച നടപടി

(a) 2230-01-001-98-01-04 M&R-3 റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും 4 ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടേയും 14 ജില്ലാ ലേബർ ഓഫീസറുമാരുടേയും ഓഫീസുകളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 86,000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ 81,145/- രൂപയും വിനിയോഗിച്ച കഴിഞ്ഞ ശേഷം 40,000/- രൂപ റീ അപ്രോപ്രിയേഷൻ വഴി അനുവദിച്ചിരുന്നു. ആയത് പ്രകാരം ലഭിച്ച 40,000/- രൂപ ഉൾപ്പെടെ ടി ശീർഷകത്തിൽ 1,26,000/- രൂപയാണ് ലഭിച്ചത്. ഇതിൽ 1,25,219/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(b) 2230-01-98-00-99-IT 3 റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടേയും 4 ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടേയും 14 ജില്ലാ ലേബർ ഓഫീസർമാരുടേയും ഓഫീസുകളിലെ വിവരസാങ്കേതിക വിദ്യ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റ് വിഹിതമായി 1,00,000/- രൂപ വകയിരിത്തിയിരുന്നു. ഇതിൽ 99,808/- രൂപ വിനിയോഗിച്ച കഴിഞ്ഞ ശേഷം ടി ശീർഷകത്തിൽ 75,000/- രൂപയുടെ ആവശ്യകത ഉള്ളതിനാൽ 75,000/- രൂപയുടെ റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി 75,000/-രൂപ ഉൾപ്പെടെ ടി ശീർഷകത്തിൽ 1,75,000/-രൂപ അനുവദിച്ചതിൽ 1,74,761/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**<u>ശിപാർശ</u>**

2230-01-102-98- <u>പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്</u>

വിഹിതം : 4,35,62,000 രൂപ (പദ്ധതിയേതരം)

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –3)

## സർക്കാർ സ്വീകരിച്ച നടപടി

(a) 2230-01-102-98-05-04-0E-ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റേയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടമാരുടേയും ഓഫീസ് ചെലവ് ഇനത്തിൽ 1,43,000/-രൂപ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. അതിൽ 96,122/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. 46,878/- രൂപ ടി ശീർഷകത്തിൽ അവശേഷിക്കുന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

(b) 2230-01-102-98-00-99-IT ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റേയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടമാരുടേയും ഓഫീസുകളിലെ വിവര സാങ്കേതിക വിദ്യ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 6,000/- രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു.അതിൽ നിന്നും 4,838/- രൂപ വിനിയോഗിച്ചു കഴിഞ്ഞു. 2024-25 സാമ്പത്തിക വർഷം അവസാനമായതിനാലും ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

## ശിപാർശ

2230-01-103-88-10 – കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം - സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

കേരള അസംഘടിത തൊഴിലാളി ക്ഷേമപദ്ധതിയ്ക്ക് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 8.2155 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –4)

**സർക്കാർ സ്വീകരിച്ച നടപടി**

2230-01-103-88-10(NP) ശീർഷകം കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയ്ക്കായി അനുവദിച്ചിരുന്നതാണ്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി, ബാർബർ-ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, ഗാർഹിക തൊഴിലാളി പദ്ധതി, അലക്കു തൊഴിലാളി ക്ഷേമപദ്ധതി, ക്ഷേത്രത്തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നീ 6 പദ്ധതികൾ കൂട്ടിചേർത്ത് 02.02.2016-ലെ സ.ഉ.(അച്ചടി) നം.24/2016/തൊഴിൽ പ്രകാരം കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചതോടെ മേൽ 6 പദ്ധതികളും റദ്ദായിട്ടുണ്ട്. മേൽ പദ്ധതി രൂപീകരിക്കപ്പെടുന്നതിന് മുൻപ്, കേരളാ കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയ്ക്കായി അനുവദിച്ചിരുന്ന 2230-01-103-88-10 (NP) ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം വരെ 76,57,870/- രൂപ കുടിശ്ശികയായിരുന്നു. പദ്ധതി റദ്ദ് ചെയ്യപ്പെട്ടെങ്കിലും കേരളാ കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയ്ക്കായി തുടർന്നുള്ള വർഷങ്ങളിലും സംസ്ഥാന ബഡ്ജറ്റിൽ തുക വരുത്തുകയും വിനിയോഗാനുമതി നൽകുകയും ചെയ്തതിനാൽ 2024-25 സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ ടി ശീർഷകത്തിൽ 15,66,870/- രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നത്. 07.01.2025-ലെ സ.ഉ (സാധാ) നം.36/2025/തൊഴിൽ പ്രകാരം മേൽതുകയ്ക്ക് കൂടി വിനിയോഗാനുമതി നൽകിയതോടെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയ്ക്കായി കുടിശ്ശിക ഇനത്തിൽ തുകയൊന്നും അവശേഷിക്കുന്നില്ലാത്തതിനാൽ ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

2230-01-103-79-10 കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 60.838 കോടി രൂപ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -5)

**സർക്കാർ സ്വീകരിച്ച നടപടി**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2024-25 സാമ്പത്തിക വർഷം 2230-01-103-79-10-Contribution (NP) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.43 കോടി രൂപയിൽ നിന്നും 1 കോടി രൂപയ്ക്ക് 07.01.2025-ലെ സ.ഉ(സാധാ) നം.36/2025/തൊഴിൽ പ്രകാരം വിനിയോഗാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ധനലഭ്യതയ്ക്കനുസരിച്ച്, ബോർഡിന് തുടർന്നും ധനസഹായം അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവെങ്കിലും 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് പദ്ധതികൾ പ്രയോറിടൈസ് ചെയ്തപ്പോൾ ബോർഡിനായി തുക വകയിരുത്തുവാൻ സാധിക്കാത്തതിനാൽ ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

2230-01-103-72-10 –കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-

അംശദാനം-സംഭാവന

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യകുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 178 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -6)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷം '2230-01-103-72-10 (സംഭാവന) നോൺ പ്ലാൻ' ശീർഷകത്തിൽ നിന്നും 12/09/2024-ലെ സ.ഉ. (സാധാ) നമ്പർ 942/2024/തൊഴിൽ പ്രകാരം അധിവർഷാനുകൂല്യ കുടിശ്ശിക വിതരണത്തിനായി 10 കോടി രൂപയും, 06/03/2025-

ലെ സ.ഉ.(സാധാ) നമ്പർ 299/2025/തൊഴിൽ പ്രകാരം മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക ഇനത്തിൽ 20 കോടി രൂപയും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, അധിവർഷാനുകൂല്യ (റിട്ടയർമെന്റ് ബെനിഫിറ്റ്) വിതരണത്തിനായി മേൽ ശീർഷകത്തിൽ നിന്നും 30 കോടി രൂപ കൂടി അനുവദിക്കുന്നതിന് 27/03/2025-ലെ സ.ഉ. (സാധാ) നമ്പർ 408/2025/തൊഴിൽ പ്രകാരം ഉത്തരവായിരുന്നെങ്കിലും ധനകാര്യ വകുപ്പിന്റെ WAMS (Ways and Means System) ക്ലിയറൻസ് ലഭിക്കാത്തതിനാൽ പ്രസ്തുത തുക ബോർഡിന് ലഭ്യമായില്ലെന്ന് ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിനെത്തുടർന്ന്, 2025-26 സാമ്പത്തിക വർഷത്തെ 2230-01-103-72-10 ശീർഷകത്തിൽ നിന്നും 30 കോടി രൂപ ബോർഡിന് അനുവദിച്ച് 13/06/2025-ലെ സ.ഉ. (അച്ചടി) നമ്പർ 58/2025/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്.

**ശിപാർശ**

2230-01-103-60 - അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും കുടിശ്ശികയും വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –7)

**സർക്കാർ സ്വീകരിച്ച നടപടി**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണം കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് രൂപീകരിച്ചിട്ടുള്ള അസംഘടിത മേഖല തൊഴിലാളി സംരക്ഷണം പദ്ധതിയിലേക്ക് തൊഴിലാളികൾക്കുള്ള ആശ്വാസനിധിയ്ക്ക് 100 ലക്ഷം രൂപ,

അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയ്ക്ക് 100 ലക്ഷം രൂപ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യം പദ്ധതിക്കായി 600 ലക്ഷം രൂപ എന്ന ക്രമത്തിൽ ആകെ 800.00 ലക്ഷം രൂപയാണ് 2024-25 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. മരംകയറ്റ തൊഴിലാളികൾക്കുള്ള കുടിശ്ശിക പെൻഷൻ വിതരണത്തിന്, പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 100 ലക്ഷം രൂപ മതിയാകാതെവരുമെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ദിവസ വേതന തൊഴിലാളികളുടെ ആശ്വാസ പദ്ധതിയിൽ നിന്നും 80 ലക്ഷം രൂപ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ പദ്ധതിയിൽ നിന്നും 170 ലക്ഷം രൂപ എന്നിവ ചേർത്ത് 350 ലക്ഷം രൂപ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും പിന്നീട് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് പദ്ധതികൾ പ്രയോറിടൈസ് ചെയ്യേണ്ടി വന്നപ്പോൾ 12.09.2024-ലെ സ.ഉ(സാധാ)നം.945/2024/തൊഴിൽ പ്രകാരം 175 ലക്ഷം രൂപയും 22.03.2025-ലെ പദ്ധതിയ്ക്കായി സ.ഉ(സാധാ) നം.377/2025 തൊഴിൽ പ്രകാരം 80 ലക്ഷം രൂപയും വിനിയോഗാനുമതി നൽകിയിട്ടുണ്ട്. അനുവദിച്ചിരുന്ന വിഹിതത്തേക്കാൾ 155 ലക്ഷം രൂപ മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയ്ക്കായി റീ അലോക്കേറ്റ് ചെയ്ത് വിനിയോഗാനുമതി നൽകിയ സാഹചര്യത്തിലും നിലവിലെ സാമ്പത്തിക സ്ഥിതിയിലും ഇതേ പദ്ധതിയ്ക്കായി അധിക തുക വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കാനായില്ല.

<u>**ശിപാർശ**</u>

2230-01-103-59 – <u>കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക തുക അനുവദിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 48.456 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -8)

<u>**സർക്കാർ സ്വീകരിച്ച നടപടി**</u>

2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ചട്ടം 4(4) പ്രകാരം ഓരോ ക്ഷേമനിധി അംഗവും പ്രതിമാസം ക്ഷേമനിധി ഫണ്ടിലേയ്ക്ക് അടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം 5/-രൂപ വീതമോ, അല്ലെങ്കിൽ തൊഴിലാളി വിഹിതത്തിന്റെ ഇരുപത്തിയഞ്ച് ശതമാനമോ അതിൽ ഏതാണോ കൂടുതൽ അത് ഗ്രാന്റായി സർക്കാർ നിധിയിലേയ്ക്ക് അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കേരള പീടിക സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് 2230-01-103-59-10 ശീർഷകത്തിൽ 1,50,00,000 രൂപ എല്ലാ സാമ്പത്തിക വർഷവും വകയിരുത്തുന്നുണ്ട്. ടി ബോർഡിന് 2020-21 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള സർക്കാർ വിഹിത ഇനത്തിൽ 48.456 കോടി രൂപ പ്രതിപൂരണം ചെയ്ത് ലഭിക്കാനുള്ളതിനാലാണ് ടി തുകക്കായി വിഷയനിർണ്ണയ സമിതിയിൽ പ്രൊപ്പോസൽ ലേബർ കമ്മീഷണർ തലത്തിൽനിന്നും സമർപ്പിച്ചത്. ഈ പ്രൊപ്പോസൽ സമിതി അംഗീകരിക്കുകയും ചെയ്തു. ഈ തുകയിൽ 1,50,00,000 രൂപ കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് റിലീസ് ചെയ്ത് ലഭിച്ചിട്ടുള്ളതാണ്.

<u>**ശിപാർശ**</u>

2230-01-103-57-10- <u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി - സംഭാവന</u>

വിഹിതം : 17,87,000 രൂപ (പദ്ധതിയേതരം)

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് മുൻ വർഷങ്ങളിലെ കുടിശ്ശിക തുക ലഭിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.4258 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –9)

<u>**സർക്കാർ സ്വീകരിച്ച നടപടി**</u>

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ബജറ്റ് വിഹിതത്തിനുപരിയായി തുക അനുവദിക്കുന്നത് പരിഗണിക്കാനാവില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

**ശിപാർശ**

4250-00-201-92 – മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 60,00,000 രൂപ (പദ്ധതി)

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുമായി 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –10)

**സർക്കാർ സ്വീകരിച്ച നടപടി**

മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡുമായുള്ള കരാർ പ്രകാരം 2,26,58,052/- രൂപയാണ് നിർമ്മാണ ചെലവ്. മേൽ പദ്ധതിയ്ക്ക് അഡ്വാൻസ് ആയി 2019-20 സാമ്പത്തിക വർഷം 40 ലക്ഷം രൂപ നിർമ്മാണ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ക്ക് നൽകി. കൂടാതെ ULCCS LTD സമർപ്പിച്ച 59,35,520.05/- രൂപയുടെ പാർട്ട് ബില്ലിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായി 25,07,923/- രൂപയും ULCCS LTD ന് അനുവദിച്ചിട്ടുണ്ട്. നിലവിൽ 1,61,50,129/- രൂപയാണ് കരാർ പ്രകാരം ULCCS LTD ന് അനുവദിക്കാൻ ഉള്ളത്.

2024-25 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും ടി ശീർഷകത്തിൽ സിവിൽ വർക്കിനായി വകയിരുത്തിയ 49.43 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി മാത്രമേ നൽകിയിരുന്നുള്ളൂ. അതിൽ

നിന്നും 25,07,923/- രൂപ വിനിയോഗിച്ചിരുന്നു. ശേഷിച്ച തുകയിൽ നിന്നും 18,41,977/- രൂപ അനുവദിച്ച് ഉത്തരവ് ആയിരുന്നെങ്കിലും 26/03/2025 തീയതിയിൽ പെർമിറ്റഡ് എമൗണ്ട് വർദ്ധിപ്പിക്കുന്നതിന് അപേക്ഷ നൽകിയിരുന്നെങ്കിലും ടി തുക വർദ്ധിപ്പിച്ച് നൽകിയിരുന്നില്ല. അതിനാൽ ULCCS LTD ന് ടി തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ഈ സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി ലഭിച്ച 60,00,000/- രൂപയിൽ 34,92,077/- രൂപ ശീർഷകത്തിൽ അവശേഷിക്കുന്നുണ്ട്.

പ്രസ്തുത കരാറിൽ പറയാത്ത ചുറ്റുമതിലിനും അനുബന്ധ കാര്യങ്ങൾക്കും 85 ലക്ഷം രൂപയുടെ ഭരണാനുമതി 2024-25 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്. കരാറിൽ ഇല്ലാത്ത ജോലി ആയതിനാൽ അധികമായി ഫണ്ട് അനുവദിക്കുന്നതിനായി ഉപധനാഭ്യർഥന ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും 2024-25 സാമ്പത്തിക വർഷം അവസാനമായതിനാൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

## വ്യവസായിക പരിശീലന വകുപ്പ്

### ശിപാർശ

2230-03-001-99 - ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 11,85,96,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വെള്ളക്കരം, വൈദ്യുതി ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും, പി.ഒ.എൽ. തുടങ്ങിയ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(01)] ഇനത്തിൽ 5 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 64.5 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും [21(2)] ഇനത്തിൽ 1.47 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 80.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ

ചെയ്യുന്നു.

(ഖണ്ഡിക -11)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

20.01.2025 തീയതിയിലെ സ.ഉ.(സാധാ) 549/2025/ധന., 15.03.2025 തീയതിയിലെ സ.ഉ.(സാധാ) 2453/2025/ധന എന്നീ ഉത്തരവുകൾ പ്രകാരം മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് '2230-03-001-99-[01(4)] ട്രെയിനിംഗ് ഡയറക്ടറേറ്റ് ' ശീർഷകത്തിൽ 1.48 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി ലഭിച്ചിരുന്നു.

**<u>ശിപാർശ</u>**

2230-03-001-96 - <u>വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി</u>

വിഹിതം : 13,00,00,000 രൂപ (പദ്ധതി )

വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും KASE ന്റെ ഭരണപരമായ ചെലവുകൾ വഹിക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.371 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -12)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2230-03-001-96- വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി' ശീർഷകത്തിൽ ടി പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുക പ്ലാൻ കട്ടിന്റ ഭാഗമായി 7.45 കോടി രൂപയായി അനുവദിച്ച് കിട്ടിയത് പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. പ്ലാൻ കട്ടിന്റെ ഭാഗമായി പുതുക്കി നിശ്ചയിച്ച തുകയിൽ പരിമിതപ്പെടുത്തി ചെലവ് നടത്തിയതിനാൽ തുടർന്ന് അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

**<u>ശിപാർശ</u>**

2230-03-001-89 - <u>വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്</u>

വിഹിതം : 1,04,08,000 രൂപ (പദ്ധതിയേതരം)

വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ മാറുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –13)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

'2230-03-001-89- വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്' ശീർഷകത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 0.03 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

**<u>ശിപാർശ</u>**

2230-03-003-98 - <u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

വിഹിതം : 30,49,000 രൂപ (പദ്ധതിയേതരം)

തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –14)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും (12) ഇനത്തിൽ 0.51 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിക്കാൻ ശിപാർശ സമർപ്പിച്ചെങ്കിലും സാമ്പത്തിക പരിമിതി കണക്കിലെടുത്ത് ടി തുക ധനവകുപ്പ് ലഭ്യമാക്കിയില്ല.

**ശിപാർശ**

2230-03-101-99 - വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 207,39,57,000 രൂപ (പദ്ധതിയേതരം)

തൊണ്ണൂറ് ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.9 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.4 കോടി രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 4 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 13 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 19.5 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 4 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.15 കോടി രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.384 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –15)

**സർക്കാർ സ്വീകരിച്ച നടപടി**

'2230-03-101-99 - വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ' ശീർഷകത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.57 ലക്ഷം രൂപയും, വാടക, കരം, നികുതി (06) ഇനത്തിൽ 2.70 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1.45 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 1.48 ലക്ഷം

രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 2.47 ലക്ഷം രൂപയും ധനപുനഃവിനിയോഗം വഴിയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 1.10 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴിയും അനുവദിച്ചിട്ടുണ്ട്. മറ്റ് ഇനങ്ങളിൽ ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായ വന്നില്ല.

**ശിപാർശ**

2230-03-101-96 – വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം

വിഹിതം : 30,30,31,000 രൂപ (പദ്ധതിയേതരം)

പതിനാല് വനിതാ ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 4.85 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 1.68 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2.5 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.53 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –16)

**സർക്കാർ സ്വീകരിച്ച നടപടി**

സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം എന്നിവയ്ക്ക് [04(2)], [04(4)] ഇനത്തിൽ 1.41 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ സമർപ്പിച്ചുവെങ്കിലും സാമ്പത്തിക പരിമിതി കണക്കിലെടുത്ത് ആയതിന് ധനകാര്യ വകുപ്പിൽ നിന്നും ടി തുക ലഭ്യമാക്കിയില്ല

**ശിപാർശ**

2230-03-101-76- വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 1,12,15,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 43,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 53,000 രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 2.39 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -17)

## സർക്കാർ സ്വീകരിച്ച നടപടി

മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും യഥാസമയം അനുമതി ലഭിക്കാതിരുന്നതിനാലും, സ്ഥലമാറ്റ ബത്ത, അവധി യാത്രാനുകൂല്യം എന്നിവയിൽ ക്ലെയിം കുറവായതിനാലും, ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ട് സർക്കാരിൽ വ്യവസായിക പരിശീലന വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നില്ല.

## ശിപാർശ

2230-03-101-70 - ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ. കളിലെ ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നീ ഐ.ടി.ഐ. കളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് പ്രഭാത, രാത്രികാല ഭക്ഷണം നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -18)

<u>സ്വീകരിച്ച നടപടി</u>

'2230-03-101-70 – ഐ.ടി.ഐ ട്രെയിനികൾക്കുള്ള പോഷാകാഹാര പദ്ധതി' ശീർഷകത്തിൽ 3.27 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-55 – <u>ഉൽപ്പാദന കേന്ദ്രങ്ങൾ - പഠിക്കുമ്പോൾ സമ്പാദിക്കുക</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ. കളിൽ പരിശീലനം നേടുന്ന ട്രെയിനികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യം എന്ന പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രൊഡക്ഷൻ സെന്ററുകൾ കൂടുതൽ ഐ.ടി.ഐ. കളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കളമശ്ശേരി, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐ.കളിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –19)

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുക പ്ലാൻ കട്ടിന്റെ ഭാഗമായി 20 ലക്ഷം രൂപയായി നിജപ്പെടുത്തിയിരുന്നു. പ്രൊഡക്ഷൻ സെന്റർ യൂണിറ്റുകൾ ആരംഭിക്കുന്നതിനു ചെങ്ങന്നൂർ, മാടായി ഐ.ടി.ഐ.കൾക്ക് യഥാക്രമം 15,00,000/-, 4,84,200/- രൂപയുടെ (ആകെ 19,84,200/- രൂപ) ഭരണാനുമതി ഉത്തരവ് ട്രെയിനിങ് ഡയറക്ടർ നല്കിയിരുന്നു. മാടായി ഐ.ടി.ഐ.യിൽ പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ടെൻഡർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാലും, ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ കിഫ്ബി നിർമ്മിത കെട്ടിടത്തിന്റെ വൈദ്യുതീകരണം കിഫ്ബിയിൽ നിന്നും തുക ലഭ്യമാകാത്തതിനെ തുടർന്ന് ടി തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. ആയതിനാൽ അധിക തുക അനുവദിക്കുന്നതിന് വ്യവസായിക പരിശീലന വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ ലഭ്യമാക്കിയില്ല.

**ശിപാർശ**

2230-03-102-99 – ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 6,31,01,000 രൂപ (പദ്ധതിയേതരം)

വകുപ്പിന് കീഴിലുള്ള 9 ആർ.ഐ. സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐ.ടി.ഐ. കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെന്റ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (12) ഇനത്തിൽ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -20)

**സർക്കാർ സ്വീകരിച്ച നടപടി**

'2230-03-102-99 –ദേശീയ തൊഴിലഭ്യസന പരിപാടികൾ' ശീർഷകത്തിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

4250-00-203-99 –ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ. കൾ ശക്തിപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിലേയ്ക്ക് ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -21)

<u>സ്വീകരിച്ച നടപടി</u>

'4250-00-203-99 – ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തൽ' ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പ്ലാൻ കട്ടിന്റെ ഭാഗമായി 10 ലക്ഷം രൂപയായി നിജപ്പെടുത്തിയിരുന്നു. എന്നാൽ 18.72 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. ഇത് റെഗുലറൈസ് ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്</u>

<u>ശിപാർശ</u>

2230-01-102-99- <u>ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്</u>

വിഹിതം : 18,32,10,000 രൂപ (പദ്ധതിയേതരം)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, പി.ഒ.എൽ, ആർ. & എം., ആർ.ആർ.റ്റി., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-01-102-99 ശീർഷകത്തിൽ ശമ്പളം (01-1), യാത്രാബത്ത (04-1) ഓഫീസ് ചെലവുകൾ (05), വാടക, കരം, നികുതി (06) മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും (21-02), പി.ഒഎൽ (45) എന്നീ ശീർഷകങ്ങളിലാണ് 2024-25 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ശമ്പളം (01-1) ഇനത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ടൂർ ടി.എ (04-1) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 1,00,000/- രൂപ

2230-01-102-99-05-04-OE-NP എന്ന ശീർഷകത്തിൽ നിന്നും ട്രാൻസ്ഫർ ടി.എ. (04-2) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 27,000 രൂപ 2230-01-102-95-04-02 ട്രാൻസ്ഫർ ടി.എ. എന്ന ശീർഷകത്തിൽ നിന്നും വാട്ടർ ചാർജ്ജസ് (05-1) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 14,000 രൂപ 2230-01-102-95-05-01 water charges NP എന്ന ശീർഷകത്തിൽ നിന്നും ടെലഫോൺ (05-3) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 60,000 രൂപ 2230-01-102-95-05-03 എന്ന ശീർഷകത്തിൽ നിന്നും വാടക, കരം, നികുതി (06) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 1,00,000/- രൂപ 2230-01-102-99-34-03 Other Items എന്ന ശീർഷകത്തിൽ നിന്നും പി.ഒ.എൽ (45) POL NP എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 85,000/- രൂപ 2230-01-102-95-00-45 POL NP എന്ന ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തിയിട്ടുണ്ട്.

ഇലക്ട്രിസിറ്റി ചാർജ്ജസിൽ (05-2) അധികമായി വേണ്ടി വന്ന തുകയിൽ, 80,000/- രൂപ 2230-01-102-95-05-04 Other Items NP എന്ന ശീർഷകത്തിൽ നിന്നും 1,13,000/- രൂപ 2230-01-102-99-05-02-OE NP എന്ന ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴിയും കൂടാതെ 2,00,000/- രൂപ അഡീഷണൽ ഓഥറൈസേഷൻ വഴിയും കണ്ടെത്തിയിട്ടുണ്ട്.

മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും (21-2) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 1,60,000 രൂപ അഡീഷണൽ ഓഥറൈസേഷൻ വഴിയും കണ്ടെത്തിയിട്ടുണ്ട്.

## ശിപാർശ

2230-01-102-95- ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

വിഹിതം :1,40,90,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ശമ്പളം, പി.ഒ.എൽ, ആർ. & എം., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58.19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –23)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2230-01-102-95 ശീർഷകത്തിലെ ശമ്പളം (01-1), യാത്രാബത്ത (04-1) ഓഫീസ് ചെലവുകൾ (05), മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും (21-2), പി.ഒ.എൽ (45) എന്നീ ശീർഷകങ്ങളിലാണ് അധിക തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഈ ശീർഷകങ്ങളിൽ അധിക തുക ആവശ്യമായി വന്നില്ല.

**<u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)</u>**

**<u>ശിപാർശ</u>**

2230-02-001-98- <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുന്നതിനും സബ് ഓഫീസുകളിലെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -24)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പദ്ധതി വിഹിതത്തിന്റെ 50% ആയി നിജപ്പെടുത്തേണ്ടതാണെന്ന വ്യയനിയന്ത്രണം നിലവിലുള്ളതിനാൽ സ.ഉ. (പി) നം. 57/2024/ധന, തീയതി 17.07.2024, സ.ഉ. (പി) നം. 76/2024/ധന തീയതി 31.08.2024 എന്നീ ഉത്തരവുകൾ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിഗണിച്ചില്ല.

**<u>ശിപാർശ</u>**

2230-02-101-93-33 –<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത</u>

ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ) - സബ്സിഡികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.316 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -25)

**സർക്കാർ സ്വീകരിച്ച നടപടി**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-02-101-92- മൾട്ടി പർപ്പസ് ജോബ് ക്ലബുകൾ

വിഹിതം : 75,00,000 രൂപ (പദ്ധതി)

2024-25 സാമ്പത്തിക വർഷം ജോബ് ക്ലബ്ബ്/MPSC യൂണിറ്റുകൾ ആരംഭിക്കുന്നപക്ഷം സബ്സിഡി അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -26)

**സർക്കാർ സ്വീകരിച്ച നടപടി**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-02-101-91-33 - രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി - സബ്സിഡികൾ

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനും പരിശീലനം ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -27)

**സർക്കാർ സ്വീകരിച്ച നടപടി**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-02-101-88 - എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കൽ

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവയുടെ നടത്തിപ്പിനും കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനും കരമന, പയ്യന്നൂർ എന്നിവിടങ്ങളിലെ കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 5.294 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –28)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പദ്ധതി വിഹിതത്തിന്റെ 50% ആയി നിജപ്പെടുത്തേണ്ടതാണെന്ന വ്യയനിയന്ത്രണം നിലവിലുള്ളതിനാൽ സ.ഉ. (പി) നം. 57/2024/ധന, തീയതി 17.07.2024, സ.ഉ. (പി) നം. 76/2024/ധന തീയതി 31.08.2024 എന്നീ ഉത്തരവുകൾ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിഗണിച്ചില്ല.

**<u>ശിപാർശ</u>**

2230-02-101-87- <u>നവജീവൻ</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

നവജീവൻ പദ്ധതി മുഖേന മുതിർന്ന പൗരന്മാർക്ക് അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പയുടെ സബ്സിഡിക്കായി അനുവദിച്ച തുക അപര്യാപ്ത-മായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –29)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**<u>ശിപാർശ</u>**

6250-60-800-97- <u>കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതി മുഖേന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വയംതൊഴിൽ വായ്പ നൽകുന്നതിനും വായ്പ പദ്ധതിക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –30)

**സർക്കാർ സ്വീകരിച്ച നടപടി**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

6250-60-800-96- രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക - 31)

**സർക്കാർ സ്വീകരിച്ച നടപടി**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)**

**ശിപാർശ**

2230-03-188-99-31 - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം - സഹായധനം - ശമ്പളം

വിഹിതം : 25,84,000 രൂപ (പദ്ധതിയേതരം)

കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.66 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക –32)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2024-25 സാമ്പത്തിക വർഷത്തെ കിലെയുടെ പ്രവർത്തനങ്ങൾക്കായി പദ്ധതികളുടെ നടത്തിപ്പിന് അധിക തുക അനുവദിക്കുകയുണ്ടായില്ല.

**<u>ശിപാർശ</u>**

2230-03-188-99-36- <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്- ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം</u> - <u>സഹായധനം - ശമ്പളേതരം</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കിലെയിലെ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.04 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –33)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2024-25 സാമ്പത്തിക വർഷത്തെ കിലെയുടെ പ്രവർത്തനങ്ങൾക്കായി പദ്ധതികളുടെ നടത്തിപ്പിന് അധിക തുക അനുവദിക്കുകയുണ്ടായില്ല.

**<u>ശിപാർശ</u>**

2230-03-188-99-36 - <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം - സഹായധനം - ശമ്പളേതരം</u>

വിഹിതം : 5,00,000 രൂപ (പദ്ധതിയേതരം)

കിലെയിലെ ദൈനംദിന ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.32 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –34)

**സർക്കാർ സ്വീകരിച്ച നടപടി**

കിലെയിലെ ദൈനംദിന ചെലവുകൾക്കായി അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശീർഷകം പുന:സ്ഥാപിക്കുന്നതിന്**

**ശിപാർശ**

കിലെയെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായും കിലെ കാമ്പസ് സ്ഥാപിക്കുന്നതിനുമായി മുൻവർഷം നിലവിലുണ്ടായിരുന്ന 2230-03-101-52 (പദ്ധതി) എന്ന ശീർഷകം പുന:സ്ഥാപിച്ച് 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –35)

**സർക്കാർ സ്വീകരിച്ച നടപടി**

കിലെ കാമ്പസ് സ്ഥാപിക്കുന്നതിനായി തുക അനുവദിക്കുകയുണ്ടായില്ല.

**ഒഡെപെക്**

**ശിപാർശ**

2230-01-103-10 - ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

ഒഡെപെക്കിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –36)

**സർക്കാർ സ്വീകരിച്ച നടപടി**

ഒഡെപെക്കിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അധിക തുക അനുവദിക്കുകയുണ്ടായില്ല.

**വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ**

**ശിപാർശ**

2230-01-101-96-06- വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ - വാടക, കരം, നികുതി

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –37)

**സർക്കാർ സ്വീകരിച്ച നടപടി**

ആലപ്പുഴ വ്യവസായ ട്രൈബ്യൂണലിന് (06) എന്ന ശീർഷകത്തിൽ അധിക ധനാനുമതി പ്രകാരം 400000 രൂപ അനുവദിക്കുകയുണ്ടായി.

**ശിപാർശ**

2230-01-101-95-04-1- വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്- യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം : 2,07,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –38)

**സർക്കാർ സ്വീകരിച്ച നടപടി**

കോഴിക്കോട് വ്യവസായ ട്രൈബ്യൂണലിന് [4(1)] യാത്രാബത്ത ശീർഷകത്തിൽ 75,000 രൂപ ധനപുന:വിനിയോഗം മുഖേന അനുവദിക്കുകയുണ്ടായി.

**ശിപാർശ**

2230-01-101-92-04-1 - തൊഴിൽ കോടതി, കോഴിക്കോട്- യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം : 27,000 രൂപ (പദ്ധതിയേതരം)

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –39)

**സർക്കാർ സ്വീകരിച്ച നടപടി**

കോഴിക്കോട് തൊഴിൽ കോടതിയ്ക്ക് [4(1)] യാത്രാബത്ത ശീർഷകത്തിൽ 80,000 രൂപ അധിക ധനാനുമതി പ്രകാരം അനുവദിക്കുകയുണ്ടായി.

**ശിപാർശ**

2230-01-101-91- തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,23,31,000 രൂപ (പദ്ധതിയേതരം)

എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാ ബത്ത [04 (1)] ഇനത്തിൽ 1.72 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05 (2)] ഇനത്തിൽ 81,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 2.32208 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 26,000 രൂപയും ഉൾപ്പെടെ ആകെ 5.11208 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –40)

**സർക്കാർ സ്വീകരിച്ച നടപടി**

എറണാകുളം തൊഴിൽ കോടതിയ്ക്ക് [04(1)] എന്ന ശീർഷകത്തിൽ 35,000 രൂപ ധനപുന:വിനിയോഗം വഴിയും [06] എന്ന ശീർഷകത്തിൽ 3,23,000 രൂപ അധിക ധനാനുമതി പ്രകാരവും അനുവദിക്കുകയുണ്ടായി. സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക മറ്റ് ശീർഷകങ്ങളിൽ അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-01-101-89-45 – ലേബർ കോടതി, കണ്ണൂർ-പി.ഒ.എൽ.

വിഹിതം : 62,000 രൂപ (പദ്ധതിയേതരം)

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് പി.ഒ.എൽ. ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –41)

**സർക്കാർ സ്വീകരിച്ച നടപടി**

കണ്ണൂർ തൊഴിൽ കോടതിയ്ക്ക് സമിതി ശിപാർശ അനുസരിച്ച് പി.ഒ. എൽ.(45) എന്ന ശീർഷകത്തിൽ 14,000 രൂപ അധിക ധനാനുമതി പ്രകാരം അനുവദിക്കുകയുണ്ടായി.

**ശിപാർശ**

2230-01-101-86 – വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 1,12,13,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 1.62 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 95,000 രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 20,000 രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 51,000 രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2.01 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –42)

**സർക്കാർ സ്വീകരിച്ച നടപടി**

ഇടുക്കി വ്യാവസായിക ട്രൈബ്യൂണലിന് മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ശീർഷകത്തിൽ 30,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക മറ്റ് ശീർഷകങ്ങളിൽ അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-01-101-85 – വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 1,46,49,000 രൂപ (പദ്ധതിയേതരം)

പാലക്കാട് വ്യാവസായിക ട്രിബ്യൂണലിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ള യാത്രാബത്ത ഇനത്തിലും വിവരസാങ്കേതിക വിദ്യ ഉപകരണങ്ങളുടെ എ.എം.സി. ഇനത്തിലും വസതിയിലെയും ഓഫീസിലെയും വൈദ്യുതി ചെലവ് ഇനത്തിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 8,000 രൂപയും വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ 24,000 രൂപയും ഉൾപ്പെടെ ആകെ 2.32 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –43)

**സർക്കാർ സ്വീകരിച്ച നടപടി**

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലിന് സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

4202-02-105-85 – ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ. കൾക്കും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ. കൾക്കും ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ. കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപണികൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –44)

**സർക്കാർ സ്വീകരിച്ച നടപടി**

'4202-02-105-85 –ഐ.ടി.ഐ. ബിൽഡിംഗ്സ് വർക്ക്സ് ' ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ പരിമിതപ്പെടുത്തി ചെലവ് നടത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ഇൻഷ്വറൻസ് മെഡിക്കൽ വിഭാഗം**

**ശിപാർശ**

2210-01-102-99-12 – ഭരണ വിഭാഗം - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ നിയമിക്കുന്ന അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ

2.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -45)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും (12) ഇനത്തിൽ 1,25,000/- രൂപ (സ.ഉ(സാധാ)നം.5141/2024/ധന തീയതി:01/07/2024) അധിക ധന അനുമതി പ്രകാരവും, 4,000/- രൂപ (സ.ഉ(സാധാ)നം. 2955/2025/ധന തീയതി:24/03/2025) ധനപുനഃവിനിയോഗം പ്രകാരവും അനുവദിച്ചു. ബജറ്റ് ഉൾപ്പെടെ ആകെ 1,30,000/- രൂപയിൽ 1,29,838/- രൂപ ചെലവായി.

**<u>ശിപാർശ</u>**

2210-01-102-98-99 – <u>ഡിസ്പെൻസറികൾ -വിവരസാങ്കേതിക വിദ്യ</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിലെ ആശുപത്രികളിലെ ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -46)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

വിവരസാങ്കേതിക വിദ്യാ (99) ഇനത്തിൽ 2,75,000/- രൂപ (സ.ഉ(സാധാ)നം.4845/2024/ധന തീയതി: 19/06/2024) അധിക ധന അനുമതി പ്രകാരവും, 24,000/- രൂപ (സ.ഉ(സാധാ)നം.9605/2024/ധന തീയതി:28/12/2024)ധനപുനഃവിനിയോഗം പ്രകാരവും അനുവദിച്ചു. ബജറ്റ് ഉൾപ്പടെ ആകെ 3,00,000/- രൂപയിൽ 2,99,236/- രൂപ ചെലവായി.

**<u>ശിപാർശ</u>**

2210-01-102-98-97 – <u>ഡിസ്പെൻസറികൾ - വാഹനങ്ങളുടെ വാടക</u>

വിഹിതം : ഇല്ല (പദ്ധതിയേതരം)

ഡിസ്പെൻസറികളിൽ മരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്ന വാടക വാഹനത്തിന്റെ വാടക നൽകുന്നതിനായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –47)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 5,00,000/- രൂപ (സ.ഉ(സാധാ)നം.4879/2024/ധന തീയതി: 20/06/2024) അധിക ധനാനുമതി പ്രകാരവും, 4,00,000/- രൂപ (സ.ഉ(സാധാ)നം.9605/2024/ധന തീയതി: 28/12/2024) ധനപുന:വിനിയോഗം പ്രകാരവും 5,00,000/- രൂപ (സ.ഉ(സാധാ)നം.2417/2025/ധന തീയതി:14/03/2025) ധനപുന:വിനിയോഗം പ്രകാരവും അനുവദിച്ചു. ആകെ ലഭിച്ച 14,00,000/- രൂപയിൽ 9,61,985/- രൂപ ചെലവായി.

**<u>ശിപാർശ</u>**

2210-01-102-96 - <u>ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

വിഹിതം : 114,14,34,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിങ്ങും [01] ഇനത്തിൽ 18 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 25 ലക്ഷം രൂപയും വാഹനം വാങ്ങൽ [05] ഇനത്തിൽ 2 കോടി രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും [08]

ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 26.55 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –48)

## സർക്കാർ സ്വീകരിച്ച നടപടി

*ഡ്രഗ്സും ഡ്രസ്സിങ്ങും [01] സ.ഉ(സാധാ)നം.1091/2024/തൊഴിൽ തീയതി: 23-10-2024 പ്രകാരം വാങ്ങിയ മരുന്നുകളുടെ വിതരണ ബില്ല് സാമ്പത്തിക വർഷാവസാനമാണ് ലഭിച്ചത്. അതിനാൽ ബജറ്റ് തുക പൂർണ്ണമായി വിനിയോഗിക്കുന്നതിൽ കാലതാമസമുണ്ടായിരുന്നു. ആയതിനാൽ അധിക ധന അനുമതി ലഭ്യമായില്ല.

*ഡയറ്റ് (02) ഇനത്തിൽ സ.ഉ(സാധാ)നം.2417/2025/ധന തീയതി: 14/03/2025 ധനപുന:വിനിയോഗ പ്രകാരം 25,25,000/- രൂപയും, സ.ഉ(സാധാ)നം.2955/2025/ധന തീയതി: 24/03/2025 ധനപുന:വിനിയോഗ പ്രകാരം 6,00,000/- രൂപ അനുവദിച്ചു, ബജറ്റ് ഉൾപ്പടെ 91,89,000/-രൂപയിൽ 90,32,548/- രൂപ ചെലവായി.

* വാഹനം വാങ്ങൽ [05], യന്ത്രോപകരണങ്ങൾ വാങ്ങൽ [07] എന്നിവയ്ക്ക് PIP പദ്ധതിയിൽ പൂർണ്ണമായി ESIC യിൽ നിന്നും അംഗീകാരം ലഭിക്കാത്തിനാൽ തുക ആവശ്യപ്പെട്ടിട്ടില്ല, ആകയാൽ ചെലവ് ഇല്ല.

*യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [08] ഇനത്തിൽ 44 ലക്ഷം രൂപ (സ.ഉ(സാധാ)നം.6786/2024/ധന തീയതി: 05/09/2024) അധിക ധനാനുമതി പ്രകാരം അനുവദിച്ചു. ആകെ ലഭിച്ച 46,50,000/- രൂപയിൽ 43,71,331/- രൂപ ചെലവായി.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

### ശിപാർശ

2801-80-101-99-33- വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം - സബ്സിഡികൾ

വിഹിതം : ഇല്ല (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25 ലുമായി ലഭിക്കേണ്ട തുകയായ 1152.36 കോടി രൂപയും 30 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനാലും യൂണിറ്റിന് 1.50 രൂപ ഈടാക്കുന്ന 40 യൂണിറ്റ് ഉപഭോഗമുള്ള വിഭാഗത്തിന്റെ നിരക്ക് 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്കായി വർദ്ധിപ്പിച്ചതിനാലുമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25 ലുമായി ലഭിക്കേണ്ട തുകയായ 1.2 കോടി രൂപയും ഉൾപ്പെടെ ആകെ 1153.56 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സബ്സിഡി ഇനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നൽകേണ്ട തുക ഉപഭോക്താക്കളിൽ നിന്നും ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ കെ.എസ്.ഇ.ബി.എൽ പിരിച്ചെടുത്ത് കൈവശം വച്ചിട്ടുള്ള തുകയിൽ നിന്നും തട്ടിക്കിഴിക്കുകയാണ് നിലവിൽ ചെയ്തു വരുന്നത്. ആയതിനാൽ സബ്സിഡി ഇനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് തുക നൽകാനില്ല. മേൽ വിവരിച്ച പ്രകാരം തട്ടിക്കിഴിച്ച തുക പ്രഫോർമ അഡ്ജസ്റ്റ്മെന്റ് മുഖേന ക്രമീകരിക്കുവാനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2801-80-101-92 - <u>കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം</u>

വിഹിതം : ഇല്ല (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ വാർഷിക നഷ്ടപരിഹാരം നൽകുന്നതിന് 60 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –50)

**സർക്കാർ സ്വീകരിച്ച നടപടി**

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുത ചാർജ്ജിന്റെ കുടിശ്ശിക ഏഴുതിതള്ളിയതു മൂലമുണ്ടായ നഷ്ട പരിഹാരത്തിന് 03.11.2011-ലെ ഉത്തരവ് പ്രകാരം അനുവദിച്ച തുകയിൽ കെ.എസ്.ഇ.ബി.എൽ-ന് റിലീസ് ചെയ്ത് നൽകാൻ ബാക്കിയുള്ള 60 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടില്ല. ഈ വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള കുടിശ്ശികയായ 2068 കോടി രൂപ, 206.80 കോടി രൂപയുടെ 10 വാർഷിക തവണകളായി നൽകാമെന്ന വ്യവസ്ഥയോടെ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ ആദ്യതവണയായ 206.8 കോടി രൂപ 06.03.2025-ലെ സ.ഉ.(കൈ) 27/25/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.എൽ. സർക്കാരിലേക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുകയുണ്ടായി.

**ശിപാർശ**

2801-80-101-83 – ഇടമൺ - കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്

വിഹിതം : ഇല്ല (പദ്ധതി)

ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ് ഇനത്തിൽ ബജറ്റിൽ തുക അനുദിച്ചിട്ടില്ലാത്തതിനാൽ 52 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –52)

**സർക്കാർ സ്വീകരിച്ച നടപടി**

ഇടമൺ കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സർക്കാർ വിഹിതം കെ.എസ്.ഇ.ബി.എൽ നൽകുകയും ആയത് സർക്കാർ പിന്നീട് കെ.എസ്.ഇ.ബി.എൽ- ന് റീഇംബേഴ്സ് ചെയ്തു നൽകുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. 28.09.2022-ന് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടിരുന്ന 33.213 കോടി രൂപ ടി സാമ്പത്തിക വർഷം തന്നെ റിലീസ് ചെയ്ത് നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ തുക റിലീസ് ചെയ്ത് നൽകുന്നതിനുള്ള പ്രപ്പോസലുകൾ ഒന്നും തന്നെ നിലവിലില്ല. ആയതിനാൽ തുക ആവശ്യമായി വന്നിട്ടില്ല.

**<u>ശിപാർശ</u>**

2801-80-190-99 –<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

നിയമസഭ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 1.6973 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –53)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പ്രസ്തുത പദ്ധതിക്കായി 2024-25-ൽ ഒരു കോടി രൂപയുടെ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. ഈയിനത്തിൽ 2024-25 ൽ സബ്ജക്റ്റ് കമ്മറ്റി 1.6973 കോടി രൂപ ശിപാർശ ചെയ്യുകയുണ്ടായി. ഇതു സംബന്ധിച്ച് ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രപ്പോസൽ കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുകയും ആയത് ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും ടി തുക അനുവദിക്കുകയുണ്ടായില്ല.

**<u>ശിപാർശ</u>**

2801-80-190-94 –<u>നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)</u>

വിഹിതം : 31,62,00,000 രൂപ (പദ്ധതി)

പുതിയ ജലവൈദ്യുത പദ്ധതികളുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഇനത്തിലും സംസ്ഥാന പദ്ധതി ഇനത്തിലും വൈദ്യുതി ബോർഡ് നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ച പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 307.8331 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –54)

**സർക്കാർ സ്വീകരിച്ച നടപടി**

ഈ ആവശ്യത്തിനായി 14,16,23,800/ രൂപ ഈ ഇനത്തിൽ മുൻ ശീർഷകമായ 2801-80-101-91-ൽ P-V-ൽ നിന്നും റിലീസ് ചെയ്ത് നൽകിയിരുന്നുവെങ്കിലും ടി തുക 31.03.2025-ന് കെ.എസ്.ഇ.ബി.എൽ-ന്റെ PSTSB അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുക്കുകയുണ്ടായി (resume). കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ട പ്രകാരം ടി തുക വീണ്ടും റിലീസ് ചെയ്തു നൽകുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ശിപാർശ**

4801-80-101-98 –നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

നിയമസഭ മണ്ഡല ആസ്തി വികസന പദ്ധതി മുഖേന സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.6164 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –55)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 ബഡ്ജറ്റിൽ ഈയിനത്തിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയും തുടർന്ന് അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ച 3.6164 കോടി രൂപയും ചേർത്ത്

ആകെ 4.6164 കോടി രൂപ ഈ ശീർഷകത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

**ശിപാർശ**

4801-80-800-98 –<u>വിവിധ സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ</u>

<u>സോളാർ പ്ലാന്റ് സ്ഥാപിക്കൽ</u>

വിഹിതം : ഇല്ല (പദ്ധതി)

കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന്റെ ഭാഗമായി കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 2.4877 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –56)

**സർക്കാർ സ്വീകരിച്ച നടപടി**

കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി 4801-80-800-98 എന്ന ശീർഷകത്തിൽ നിന്നും മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിൽ റിലീസ് ചെയ്ത് നൽകാൻ ബാക്കിയുള്ള 2.4 കോടി രൂപ അനുവദിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ടി വകുപ്പ് 1,41,95,224/- രൂപ റിലീസ് ചെയ്ത് നൽകാൻ 24.03.2025-ന് അനുമതി നൽകുകയും ചെയ്തു. തുടർന്ന് ടി തുകയ്ക്കുള്ള റിലീസ് ഉത്തരവ് 25.03.2025-ന് പുറപ്പെടുവിക്കുകയും 26.03.2025-ന് ബിൽ സമർപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും Ways and Means ക്ലിയറൻസ് ലഭിക്കാത്തതു കാരണം തുക റിലീസ് ചെയ്ത് നൽകാൻ സാധിച്ചില്ല. ഇതിനെ തുടർന്ന് 2.4 കോടി 2025-26 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ആതൊറൈസേഷൻ വഴി അനുവദിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഫയൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ശിപാർശ**

6801-00-190-86 –ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും

(ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ

(വിദേശ സഹായ പദ്ധതികൾ)

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷ പ്രവൃത്തികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.59 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –57)

**സർക്കാർ സ്വീകരിച്ച നടപടി**

സർക്കാർ ഉത്തരവ് G.O.(Rt)No.28/2014/PD തീയതി 29.01.2014 പ്രകാരം 153.731 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പദ്ധതിയാണ് ഡാം റിഹാബിലിറ്റേഷൻ ആൻഡ് ഇമ്പ്രൂവ്മെന്റ് പ്രൊജക്റ്റ് അഥവാ (DRIP), 2021 മാർച്ച് 31 ന് പദ്ധതിയുടെ ആദ്യഘട്ടം സമാപിച്ചു.

G.O.(Rt)No.29/2024/POWER dated 13.02.2024 ഗവൺമെന്റ് ഉത്തരവ് പ്രകാരം മേൽ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 90 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഏകദേശം 65.78 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതോടൊപ്പം പദ്ധതിയുടെ ഒന്നാംഘട്ട കാലയളവിൽ പൂർത്തിയാക്കാൻ കഴിയാതിരുന്ന ഏതാനും പദ്ധതികൾ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ്, കേന്ദ്ര ജലക്കമ്മീഷന്റെയും ലോകബാങ്കിന്റെയും നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് നടത്തിവരുന്നത്. ആയതിനാൽ വൈദ്യുതി ബോർഡ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ജലക്കമ്മീഷന്റെയും ലോകബാങ്കിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആയിരിക്കണം. ഡിസൈൻ ഫ്ലഡ്റിവ്യൂ, ഡാം സേഫ്റ്റി റിവ്യൂ, പാനൽ പരിശോധന എന്നിവയ്ക്ക് ശേഷം തയ്യാറാക്കുന്ന പ്രോജക്റ്റ് സ്ക്രീനിംഗ് ടെമ്പ്ലേറ്റ്

അംഗീകാരത്തിനു ശേഷം ടെണ്ടർ രേഖകൾ തയ്യാറാക്കി ആണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 32.36 കോടി രൂപ ഡ്രിപ് IIനു ഇതുവരെ കെ.എസ്.ഇ.ബി.എൽ.-ന് നൽകിയിട്ടുണ്ട്. കൂടാതെ ഏപ്രിൽ 2023 മുതൽ ഡിസംബർ 2023 വരെ 7.73 കോടി രൂപ GO.(Rt)No.103/2024/Power dated 13.06.2024 നമ്പർ ഉത്തരവിൻ പ്രകാരവും, ജനുവരി 2024 മുതൽ ജൂൺ 2024 വരെ 4.76 കോടി രൂപ GO.(Rt) No.41/2025/Power dated 07.03.2025 നമ്പർ ഉത്തരവിൻ പ്രകാരവും അനുവദിച്ചിട്ടുണ്ട്. എന്നാൽ, DRIP ലോണുകളുടെ തിരിച്ചടവിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിശ്ചയിച്ചതിനു ശേഷം മാത്രമേ ഇനിയുള്ള ബില്ലുകൾ പ്രോസസ്സ് ചെയ്യാനാകൂ എന്ന ധനകാര്യ വകുപ്പിന്റെ അറിയിപ്പ് പ്രകാരം ലോൺ തിരിച്ചടവിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിശ്ചയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. 2024 ജൂലൈ മുതൽ സെപ്റ്റംബർ വരെ ചെലവായ തുക 2.09 കോടി രൂപ ലോക ബാങ്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്.

**<u>ശീർഷകം പുനഃസ്ഥാപിക്കുന്നതിന്</u>**

**<u>ശിപാർശ</u>**

RGGVY- പദ്ധതിക്കായി 2801-80-101-90 (പ്ലാൻ) എന്ന ശീർഷകം പുന:സ്ഥാപിച്ച് 2.44 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –63)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ഈ വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ഇതു വരെ അനുവദിച്ചിട്ടില്ല. ഇതേ വിഷയത്തിൽ 2025-26 വർഷത്തേയ്ക്കുള്ള റിപ്പോർട്ടിലും ശിപാർശ ഉള്ളതിനാൽ വിഷയം വീണ്ടും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**<u>ശിപാർശ</u>**

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പദ്ധതിക്കായി 2801-80-101-87 (പ്ലാൻ) എന്ന ശീർഷകം പുന:സ്ഥാപിച്ച് 48.3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -64)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ഈ വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ഇതു വരെ അനുവദിച്ചിട്ടില്ല. ഇതേ വിഷയത്തിൽ 2025-26 വർഷത്തേയ്ക്കുള്ള റിപ്പോർട്ടിലും ശിപാർശ ഉള്ളതിനാൽ വിഷയം വീണ്ടും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**<u>ശിപാർശ</u>**

സംയോജിത ഊർജ്ജ വികസന പദ്ധതിക്കായി (ഐ.പി.ഡി.എസ്സ്.) 2801-80-101-86 (പ്ലാൻ) എന്ന ശീർഷകം പുന:സ്ഥാപിച്ച് 59.21 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -65)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ഈ വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ഇതു വരെ അനുവദിച്ചിട്ടില്ല. ഇതേ വിഷയത്തിൽ 2025-26 വർഷത്തേയ്ക്കുള്ള റിപ്പോർട്ടിലും ശിപാർശ ഉള്ളതിനാൽ വിഷയം വീണ്ടും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**<u>ശിപാർശ</u>**

മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്ന പദ്ധതിക്കായി 4801-80-101-99 (പ്ലാൻ) എന്ന ശീർഷകം പുന:സ്ഥാപിച്ച് 41.6319 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -66)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ഈ വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ഇതു വരെ അനുവദിച്ചിട്ടില്ല. ഇതേ വിഷയത്തിൽ 2025-26 വർഷത്തേയ്ക്കുള്ള റിപ്പോർട്ടിലും ശിപാർശ ഉള്ളതിനാൽ വിഷയം വീണ്ടും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**ശിപാർശ**

വിവിധ സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വരുത്തിയിട്ടുള്ള കുടിശ്ശിക ഈടാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 3347.43 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –71)

**സർക്കാർ സ്വീകരിച്ച നടപടി**

2024-2025 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച വിഷയ നിർണ്ണയ സമിതിയുടെ നാലാമത് റിപ്പോർട്ടിലെ 71,73 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ സർക്കാർ വകുപ്പുകൾ കെ.എസ്.ഇ.ബി.എൽ-ന് നൽകാനുള്ള വൈദ്യുതി ചാർജ്ജിലെ കുടിശ്ശിക സംബന്ധിച്ചുള്ളവയാണ്. അഡീഷണൽ ബോറോയിംഗുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകളുടെ 31.12.2024 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക സർക്കാർ ഏറ്റെടുക്കുകയും ആയത് കെ.എസ്.ഇ.ബി.എൽ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക പത്ത് പ്രതിവർഷ തവണകളായി നൽകുവാനുള്ള തീരുമാനത്തോടെ സർക്കാർ ഏറ്റെടുത്തിരുന്നു. ആയതിൽ 2024-2025 വർഷം നൽകേണ്ടിയിരുന്ന തുക ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊതു ശിപാർശകൾ**

**ശിപാർശ**

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന മേഖല, സേവന മേഖല എന്നതിലുപരി അടിസ്ഥാന മേഖല കൂടിയായതിനാൽ സർക്കാരിലേക്ക് സമർപ്പിക്കുന്ന ബജറ്റ് പ്രൊപ്പോസലിന് അർഹിച്ച പരിഗണന ലഭിക്കേണ്ടത് അത്യാവശ്യമാണെന്ന് നിരീക്ഷിച്ച

സമിതി വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പമെന്റ് ഉൾപ്പെടെ ഊർജ്ജ മേഖലയുടെ പുരോഗതിയ്ക്കുതകുന്ന പദ്ധതികൾക്കാവശ്യമായ തുക സർക്കാർ വിഹിതമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –72)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന മേഖല, സേവന മേഖല എന്നതിലുപരി അടിസ്ഥാന മേഖല കൂടിയാണ് എന്ന വസ്തുത കണക്കിലെടുത്ത് അഡീഷണൽ ബോറോയിംഗുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. -ന്റെ 2022-23 ലെ നഷ്ടത്തിന്റെ 75% തുക (767.71 കോടി രൂപ) സർക്കാർ ഏറ്റെടുത്ത് തുക പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. -ന് നൽകിയിട്ടുണ്ട്. 2023-24-ലെ നഷ്ടത്തിന്റെ 90% (494.89 കോടി രൂപ) സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും പിന്നീട് 494.89 കോടി രൂപ (മാർച്ച് 2025-ൽ) ധനകാര്യ വകുപ്പ് തിരിച്ചെടുത്തിരുന്നു. തിരിച്ചെടുത്ത തുക വീണ്ടും കെ.എസ്.ഇ.ബി.എൽ. -ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതു കൂടാതെ 31.12.2024 വരെയുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് 718 കോടി രൂപ സർക്കാർ ഏറ്റെടുക്കുകയും പ്രസ്തുത തുക കെ.എസ്.ഇ.ബി.എൽ. ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് സർക്കാരിലേക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഉൾപ്പെടെയുള്ള ഊർജ്ജ മേഖലയുടെ പുരോഗതിയ്ക്കുതകുന്ന പദ്ധതികൾക്കാവശ്യമായ തുക സർക്കാർ വഹിതമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ശിപാർശയിന്മേൽ കെ.എസ്.ഇ.ബി.എൽ. ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പ്രപ്പോസലുകൾ പരിശോധിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ശിപാർശ</u>**

കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജിനത്തിൽ വരുത്തിയിട്ടുള്ള ഭീമമായ കുടിശ്ശിക കെ.എസ്.ഇ.ബി. യുടെ നിലനിൽപ്പിന് തന്നെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി വിലയിരുത്തിയ സമിതി പ്രസ്തുത സ്ഥാപനങ്ങളുടെ നിലവിലുള്ള കുടിശ്ശികത്തുക തവണകളായി ഒടുക്കുന്നതിനും സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

വരുത്താതിരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –73)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2024-2025 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച വിഷയ നിർണ്ണയ സമിതിയുടെ നാലാമത് റിപ്പോർട്ടിലെ 71,73 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ സർക്കാർ വകുപ്പുകൾ കെ.എസ്.ഇ.ബി.എൽ-ന് നൽകാനുള്ള വൈദ്യുതി ചാർജ്ജിലെ കുടിശ്ശിക സംബന്ധിച്ചുള്ളവയാണ്. അഡീഷണൽ ബോറോയിംഗുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകളുടെ 31.12.2024 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക സർക്കാർ ഏറ്റെടുക്കുകയും ആയത് കെ.എസ്.ഇ.ബി.എൽ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക പത്ത് പ്രതിവർഷ തവണകളായി നൽകുവാനുള്ള തീരുമാനത്തോടെ സർക്കാർ ഏറ്റെടുത്തിരുന്നു. ആയതിൽ 2024-2025 വർഷം നൽകേണ്ടിയിരുന്ന തുക ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**<u>എനർജി മാനേജ്മെന്റ് സെന്റർ – കേരള</u>**

**<u>ശിപാർശ</u>**

2810-00-104-98-36-05- <u>എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം - സഹായധനം - ശമ്പളേതരം - കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി</u>

വിഹിതം : 4,60,00,000 രൂപ (പദ്ധതി)

കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയുടെ കീഴിൽ അംഗൻജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –77)

**സർക്കാർ സ്വീകരിച്ച നടപടി**

2810-00-104-98-36-05-P-V എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി ആകെ 4.60 കോടി രൂപയാണ് അനുവദിച്ചിരുന്നത്. വിഷയ നിർണ്ണയ സമിതി 4 കോടി രൂപ അധികമായി അനുവദിക്കാൻ ശിപാർശ ചെയ്തിരുന്നു. വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത പ്രകാരം ഈ ശീർഷകത്തിൽ നാല് കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ എനർജി മാനേജ്മെന്റ് സെന്റർ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് ശീർഷകത്തിൽ നിന്നും 2.30 കോടി രൂപയ്ക്കുള്ള ഭരണാനുമതി ആണ് നൽകിയത്. അധിക തുക അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2810-00-104-98- എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 1,01,56,000 രൂപ (പദ്ധതിയേതരം)

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.0644 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –78)

**സർക്കാർ സ്വീകരിച്ച നടപടി**

2810-00-104-98-N-V എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി ആകെ 1.0156 കോടി രൂപയാണ് അനുവദിച്ചിരുന്നത്. വിഷയ നിർണ്ണയ സമിതി 3.0644 കോടി രൂപ അധികമായി അനുവദിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇതിനെത്തുടർന്ന് ഈ ശീർഷകത്തിൽ 1.01 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ എനർജി മാനേജ്മെന്റ് സെന്റർ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയത് അനുകൂലമായ ശിപാർശ സഹിതം ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ 2024-2025 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലെ

മുഴുവൻ ബജറ്റ് വിഹിതവും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

## അദ്ധ്യായം II

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമാകാത്ത ഖണ്ഡികകൾ.

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| ഊർജ്ജ വകുപ്പ് | 51, 58, 59-62, 67-70, 74-76 |

തിരുവനന്തപുരം,
2025 സെപ്റ്റംബർ 29.

ശ്രീ. കെ. കൃഷ്ണൻകുട്ടി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VII.